# <u>സർവോദയ ക്വിസ് സംഘടിപ്പിച്ചു</u>

നാലാഞ്ചിറ സർവോദയ വിദ്യാലയത്തിന്റെ നേതൃത്വത്തിൽ സർവോദയ ക്വിസ് മികവാർന്ന തലത്തിൽ സംഘടിപ്പിച്ചു.

ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ സർവോ ക്വിസ് 2024 - ൽ 24 ടീമുകൾ പങ്കെടുത്തു. തോന്നയ്ക്കൽ ജി. എച്ച്. എസ്. എസിലെ നിരഞ്ജൻ എസ്, ചേതൻ എസ് എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് എവർ റോളിംഗ് ട്രോഫിയും 5000 രൂപയും സർട്ടിഫിക്കറ്റും സമ്മാനമായി നൽകി. രണ്ടാം സ്ഥാനം പട്ടം സെന്റ് മേരീസിലെ അരവിന്ദ് ബി എസ്, പ്രവിഷ് കൃഷ്ണൻ ജെ എസ് എന്നിവരും മൂന്നാം സ്ഥാനം കവടിയാർ ക്രൈസ്റ്റ് നഗറിൽ നിന്നുള്ള മാനസ് ദേവ് നായരും, അദ്വൈത് നായരും അടങ്ങിയ ടീമുകൾ കരസ്ഥമാക്കി. ക്വിസ് മാസ്റ്റർ ഗോകുൽ കൃഷ്ണൻ ജി എസ് ന്റെ നേതൃത്വത്തിൽ നടത്തിയ മത്സരത്തിൽ പ്രിൻസിപ്പൽ പ്രൊഫ. ഡോ. ഷേർളി സ്റ്റുവർട്ട് അദ്ധ്യക്ഷത വഹിച്ചു. ബർസാർ റവ. ഫാദർ ജോൺ മുരുപ്പേൽ സന്നിഹിതനായിരുന്നു.